പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 546 — 27.10.2016 -ൽ മറുപടിക്ക്

## ചെറുമത്സ്യങ്ങളെ പിടിക്കുന്നതുമൂലം മത്സ്യസമ്പത്തിലുള്ള കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.എം.രാജഗോപാലൻ**<br>**ശ്രീ.കെ.ജെ.മാക്സി** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് കടലിൽ നിന്ന് ചെറുമത്സ്യങ്ങളെ പിടിക്കുന്നതുമൂലം വൻതോതിൽ മത്സ്യസമ്പത്ത് നശിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ചെറുമത്സ്യങ്ങളെ പിടികൂടുന്നത് കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഇതുവരെയായി ഇത്തരം 56 കേസ്സുകൾ പിടികൂടുകയും 17.00 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യസമ്പത്തിന് ഹാനികരമാകുന്ന രീതിയിൽ വളർച്ചയെത്താത്ത മത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ് എന്നീ ഏജൻസികളോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഏതാനം ദിവസങ്ങളായി ചെറുമത്സ്യങ്ങളെ പിടിച്ച മത്സ്യബന്ധനയാനങ്ങളെ വിവിധ ജില്ലകളിൽ പിടികൂടുകയും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയും ചെയ്യുന്നു. |
| (സി) | മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ, അശാസ്ത്രീയമായ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി ബോട്ട് ഇമ്പൗണ്ട് ചെയ്ത് പിഴ നൽകാറുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു എന്ന് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ